## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **985** — **30/01/2019**-ലെ മറുപടി

### വേങ്ങര പഞ്ചായത്തിലെ തട്ടാഞ്ചേരിമല കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വേങ്ങര പഞ്ചായത്തിലെ പാണ്ടികശാല വാർഡിൽ ഉൾപ്പെട്ട തട്ടാഞ്ചേരിമല കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;<br>(ബി) ഈ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;<br>സി) ഇതിന്റെ പൂർത്തീകരണത്തിന് ആവശ്യമായ ഫണ്ട് എത്രയാണെന്നും ഇത് വകയിരുത്തിയിട്ടുണ്ടോയെന്നും ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കാമോ? | എ, ബി, & സി) മൈനോറിറ്റി വിഭാഗത്തിൽ ഉൾപ്പെടുത്തി പദ്ധതിയിൽ കിണറിനും, ടാങ്കിനും, പമ്പ് സെറ്റിനും മാത്രമായി 35 ലക്ഷം രൂപക്ക് ഭരണാനുമതി നൽകുകയും, ഇതിന്റെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി നടന്നുവരുകയും ചെയ്യുന്നു ഈ പദ്ധതിക്ക് ഇനിയും ആവശ്യമായ പമ്പിങ് മെയിൻ, വിതരണ ശൃംഖല, ഗാർഹിക കണക്ഷൻ എന്നീ പ്രവൃത്തികൾക്ക് 35 ലക്ഷം രൂപയും കൂടി ചെലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത തുക എം.എൽ.എ., എം.പി. മാരുടെ ഫണ്ടിൽ നിന്ന് ലഭ്യമാക്കാമെന്ന് വേങ്ങര ഗ്രാമ പഞ്ചായത്ത് ഭരണ സമിതി 17/10/2017 ന് നടന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. തുക ലഭ്യമായാൽ പ്രവൃത്തി മെയ് മാസത്തോടെ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ